വയനാട് ജില്ലയിൽ ജില്ലാ പഞ്ചായത്തിന് വിട്ടുകൊടുത്ത റോഡുകൾ

138 (2119) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടെണ്ടർ ചെയ്ത ഏതെല്ലാം റോഡുകളാണ് ജില്ലാ പഞ്ചായത്തിന് വിട്ടു കൊടുത്തതെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലാ പഞ്ചായത്തിന് വലിയ റോഡുകളുടെ പണി നടത്തുന്നതിന് സാമ്പത്തിക സ്ഥിതി അനുവദിക്കാത്തതിനാൽ ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടാൽ പ്രസ്തുത റോഡുകൾ പി.ഡബ്ലിയു.ഡി. തന്നെ ഏറ്റെടുത്തു നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടെണ്ടർ ചെയ്ത ഒരു റോഡും ജില്ലാ പഞ്ചായത്തിന് വിട്ടുകൊടുത്തിട്ടില്ല.

(ബി) ഈ കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

പുതിയങ്ങാടി-പേരാമ്പ്ര-കുറ്റിയാടി-ചൊവ്വ ബൈപ്പാസ്

139 (2120) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയങ്ങാടി-പേരാമ്പ്ര-കുറ്റിയാടി-ചൊവ്വ-ബൈപ്പാസ് റോഡിന്റെ പണി തുടങ്ങുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിവരം വിശദമാക്കുമോ ;

(ബി) ഈ പ്രവർത്തിയുടെ എ.എസ്., എസ്.എസ്. എന്നിവ ലഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് അറിയിക്കുമോ ;

(സി) എ.എസ്., എസ്.എസ്. എന്നിവ അടിയന്തിരമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പുതിയങ്ങാടി-പേരാമ്പ്ര-കുറ്റിയാടി-ചൊവ്വ ബൈപ്പാസ് നിർമ്മാണത്തിനുവേണ്ടി റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

കണ്ണൂർ ജില്ലയിലെ എരുവേശ്ശി പാലത്തിന് ടോൾ പിരിവ്

140 (2121) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ എരുവേശ്ശി പാലത്തിന് എന്നാണ് ടോൾ പിരിവ് ഏർപ്പെടുത്തിയത് ;

LIBRARY ARCHIVES Kerala Legislative Assembly